**ള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (116 മുതൽ 120 വരെ)**

വീടുകൾതോറും കേറി-
യിറങ്ങീ വേലയ്ക്കായി-
പ്പാടുപെട്ടീടും 'കേളു'
കോടാലി തോളിൽത്താങ്ങി;

പഞ്ഞമാസമാണി, ല്ലാ
പണി കിട്ടുവാനെങ്ങും;
തേഞ്ഞ കാലടി വീണ്ടും
തേയുകമാത്രം നേട്ടം.

വല്ലതും കീറാമുട്ടി
കിട്ടിയാലതിനോടും
മല്ലടിച്ചിന്നത്താഴ-
ക്കഞ്ഞിക്കുവക നേടും

മടിയേ തീണ്ടീടാത്തോ-
രിക്കൈയിലിക്കോടാലി-
പ്പിടിയുള്ളപ്പോൾ-അവ-
ന്നന്നുമുണ്ടാ വിശ്വാസം.

കീറലുമടക്കലും
കഴിഞ്ഞു മഴ വന്നു-
കേറിടുംമുൻപേ, ലാഭ-
ക്കണ്ണുള്ള സമ്പന്നന്മാർ;

കീറുവാൻ 'പുരക്കഴു-
ക്കോലുകൾ'പോലും മിക്ക-
വാറുമാ പ്രദേശത്തെ-
പ്പാവങ്ങൾക്കില്ലാതാനും।

കേവലമൊരു കടും-
കീറാമുട്ടിയായ്ത്തീർന്നു
കേളുവിന്നു തൻ കൊച്ചു
കുടുംബം പോറ്റും കാര്യം

നാവിറങ്ങിയാൽപ്പോലും
കോടാലിയേന്തും കൈയാൽ
നാഴിവെള്ളത്തിന്നിര-
ക്കില്ലവൻ തൊഴിലാളി

**116.** **'മടിയേ തീണ്ടീടാത്തോ-
രിക്കൈയിലിക്കോടാലി-
പ്പിടിയുള്ളപ്പോൾ-അവ-
ന്നന്നുമുണ്ടാ വിശ്വാസം.'
-ഈ വരികളിൽ തെളിയുന്ന മനോഭാവം എന്താണ്?**

എ) സത്യസന്ധത
ബി) ആത്മവിശ്വാസം
സി) അന്ധവിശ്വാസം
ഡി) അഹങ്കാരം

**117.** **കവിതയിൽ രണ്ടിടത്ത് 'കീറാമുട്ടി' എന്ന പദം പ്രയോഗിച്ച് കാണാം. എന്താണ് ഇതുകൊണ്ടർത്ഥമാക്കുന്നത്?**

എ) കൂലിപ്പണി
ബി) കുടുംബപ്രശ്നം
സി) സംഘപ്രശ്നം
ഡി) വിഷമപ്രശ്നം

**118.** **'കേവലമൊരു കടും-
കീറാമുട്ടിയായ്ത്തീർന്നു'
-കേളിവിന് കടും കീറാമുട്ടിയായിതീർന്നതെന്താണ്?**

എ) ജോലി കിട്ടുക
ബി) വീടുകൾതോറും കയറിയിറങ്ങുക
സി) കുടുംബം പോറ്റുക
ഡി) പുരക്കഴുക്കോലുകൾ കീറുക

**119.** **ആത്മാഭിമാനത്തെ സൂചിപ്പിക്കുന്ന വരികൾ താഴെ കൊടുത്തവയിൽ ഏതാണ്?**

എ) തേഞ്ഞ കാലടി വീണ്ടും
തേയുക മാത്രം നേട്ടം
ബി) നാഴിവെള്ളത്തിനിര-
ക്കില്ലവൻ തൊഴിലാളി
സി) കേളുവിന്നു തൻ കൊച്ചു
കുടുംബം പോറ്റും കാര്യം
ഡി) മല്ലടിച്ചിന്നത്താഴ-
ക്കഞ്ഞിക്കുവക നേടും

**120** **'തേഞ്ഞ കാലടി വീണ്ടും
തേയുകമാത്രം നേട്ടം'
- ഈ വരികൾ നൽകുന്ന സൂചന താഴെ കൊടുത്തവയിൽ ഏതാണ്?**

എ) ജോലിക്ക് എത്ര ശ്രമിച്ചിട്ടും കിട്ടിയില്ല
ബി) തൊഴിലന്വേഷിച്ച് നടന്നാൽ കാലടി തേഞ്ഞ് പോകും
സി) അലഞ്ഞു നടന്നതുകൊണ്ടാണ് ജോലി കിട്ടിയത്
ഡി) ജോലി കിട്ടാൻ അലഞ്ഞുനടന്നേ മതിയാവൂ

# CATEGORY–I
# PART–3

## ENGLISH

### Question Numbers 121 to 150

Questions 121-126 Read the passage given and answer the questions that follow:

When I learned that my 71 year old mother was playing chess against herself, I knew I had to do something. 'Who's playing?' I asked one day when I saw a half-finished game on the table. 'My right hand versus my left'. 'Excuse me?' I said. 'Well, your father doesn't play dreading defeat. still, I want to keep my mind sharp.'

My husband suggested we give her a computer to play against. We packed up our old PC and delivered it to my parent's home. And thus began my mother's adventure in the world of computers.

It is also marked the beginning of an unusual teaching assignment for me. I've taught children all these years but never thought I would be teaching my mother to do anything. Despite the look of horror on her face when she first saw our gift my mother was eager to get started. She sat mesmerized as the screen lit up and the various icons presented themselves. Slowly, but steadily, my mother caught on, making notes in a little spiral notebook. I wondered how she would fare without me. But thereafter, she only spoke about her game on the computer to me. She even forgot to ask her stock question, 'What did you have for supper?' Instead she talked about RAM, ROM and the CPU-terms spilled out effortlessly from her mouth. My mother had acquired a new mother tongue. I am learning that no matter how old you are, a willing spirit is capable of anything.

**121. What lesson did the narrator ultimately learn from the above episode?**

a) Child is the father of man.
b) If there is a will there is a way.
c) Necessity is the Mother of all inventions.
d) Familiarity breeds contempt.

**122. What did the narrator realize when she saw her Mother playing chess against herself?**

a) Mother should be given company.
b) She should ask father to play with Mother.
c) She should do something urgently to help Mother.
d) She should bring Mother to her home.

**123. Pick out the word that means, 'fearing' from the above passage.**

a) dreading
b) delivering
c) mesmerizing
d) faring

**124. How did Mother play chess against herself?**

a) by taking turns at both sides of the table
b) by using both the hands
c) by just imagining
d) by placing a doll on the opposite side

**125. What was the narrator's husband's suggestion?**

a) to gift Mother a computer
b) to play chess online
c) to give her further coaching in playing chess
d) to equip father to play chess

**126. Why did the narrator describe her experience as an unusual teaching assignment?**

a) She found the experience very challenging.
b) Her Mother was unwilling to learn.
c) Her father was against the teaching
d) Teaching one's own mother happens rarely.

Questions 127-150 Choose the right options from the ones given along with each question.

**127. The approach followed in introducing a language discourse first and then analyzing the sentences, phrases and words in it is called -------------.**

a) whole language approach
b) phonetic approach
c) alphabetic approach
d) situational approach

**128. Letter, notice, profile, conversation etc. are examples for ------------.**

a) language elements
b) language conventions
c) language discourses

d) language units

**129. If you read a text only for a specific fact or piece of information, the reading you make can be called as-----------.**
a) skimming
b) scanning
c) intensive reading
d) extensive reading

**130. Identify the word with two syllables from the options given below.**
a) state
b) time
c) beautiful
d) again

**131. The meeting was postponed. Identify the phrase that can replace 'postponed'.**
a) put aside
b) put off
c) put on
d) put in

**132. The sentence that expresses the function, 'seeking permission' out of the following is ----------.**
a) It may rain.
b) He may be right.
c) May he be saved!
d) May I interrupt?

**133. Anoop is so weak ------------ he cannot walk.**
a) since
b) that
c) to
d) as

**134. How many morphemes are there in the word, 'played'?**
a) one
b) two
c) three
d) four

**135. The language function used in the sentence, 'Raju can lift the chair'. Is -----------------.**
a) ability
b) assumption
c) permission
d) polite request

**136. She is accustomed ---------- receiving phone calls from strangers.**
a) with
b) of
c) about
d) to

**137. Term end tests are part of --.**
a) summative evaluation
b) formative evaluation
c) continuous evaluation
d) diagnostic evaluation

**138. Do you mind --------------**
a) leaving the hall?
b) to leave the hall?
c) leave the hall?
d) leaves the hall?

**139. Pick out the sentence that is similar in meaning to, 'He helps her'.**
a) She is being helped by him.
b) She is helped by him.
c) She was being helped by him.
d) She was helped by him.

**140. Her brother will come to take her, ----------**
a) will she?
b) won't she?
c) will he?
d) won't he?

**141. If anything <u>weird</u> happens, please run away. The underlined word, 'weird' means --------------.**
a) dangerous
b) strange
c) noisy
d) clumsy

**142. Pick out the word opposite in meaning to 'transparent'.**
a) intransparent
b) opaque
c) cloudy
d) muddy

**143. The field between what a learner can do by himself/herself and what can be achieved with the support of a teacher is called ---------.**
a) scaffolding
b) zone of proximal development
c) assimilation
d) accommodation

**144. The error a learner makes in writing a sentence like: 'I am a going'. is an example for -------.**
a) morphological error
b) syntactical error
c) punctuation error
d) usage error

**145. Delayed physical growth, characteristic facial features, mild to moderate intellectual disability are the symptoms of ----------.**
a) down syndrome
b) autism spectrum disorder
c) mental retardation
d) hyperactivity disorder

**146. If you meet her ------------.**
a) you can tell her
b) you could tell her
c) you would tell her
d) you would have told her

**147. 'When will you return?' Susan asked James. This can be reported as ---------------.**
a) Susan asked James when will he return.
b) Susan asked James when he will return.
c) Susan asked James when he would return
d) Susan asked James when would be return.

**148. The expression 'once in a blue moon' in the sentence, 'In Munnar, the temperature drops below freezing once in a blue moon,' means ------------.**
a) once during the night
b) once during moonlit night
c) rarely
d) never

**149. Pick out the sentence that is acceptable out of the following:**
a) I have seen him yesterday.
b) I seen him yesterday.
c) I saw him yesterday
d) I see him yesterday.

**150. One of the best ways to make teaching of English more interesting and engaging to students is -----------.**
a) to explain everything in mother -tongue
b) to give a lot exercises to students
c) to make children write everything
d) to use ICT meaningfully